# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3421** — **19/10/2016** -ൽ മറുപടിക്ക്

## ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ.റഹീം | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലനിധി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്; ലോകബാങ്ക് ധനസഹായത്തോടുകൂടി കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ, കുടിവെള്ളവും ശുചിത്വ സംവിധാനങ്ങളും നല്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കി വരുന്നു. 2018-ൽ പൂർത്തിയാകുന്ന ടി പദ്ധതിക്ക് 1358.536 കോടി രൂപ (റീസ്ട്രക്ചർ ചെയ്ത പദ്ധതിക്ക്) ചെലവ് പ്രതീക്ഷിക്കുന്നു. മൂന്ന് ബാച്ചുകളിലായി തെരഞ്ഞെടുത്ത 115 ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതിയുടെ പ്രവർത്തനം നടന്നു വരുന്നു. |
| (ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) കോഴിക്കോട് ജില്ലയിൽ 3 ബാച്ചുകളിലായി 13 പഞ്ചായത്തുകളിൽ ജലനിധി രണ്ടാം ഘട്ട പദ്ധതികൾ നടപ്പാക്കി വരുന്നു. ഒന്നാം ബാച്ചിൽ ചെറുവണ്ണൂർ, താമരശ്ശേരി എന്നീ പഞ്ചായത്തുകളിലും, രണ്ടാം ബാച്ചിൽ എടച്ചേരി, കട്ടിപ്പാറ, കീഴരിയൂർ, മണിയൂർ എന്നീ പഞ്ചായത്തുകളിലും, മൂന്നാം ബാച്ചിൽ ആയഞ്ചേരി, ചക്കിട്ടപ്പാറ, ചോറോട്, കോട്ടൂർ, നടുവണ്ണൂർ, പുറമേരി, വില്യാപ്പള്ളി എന്നീ പഞ്ചായത്തുകളിലും ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കി വരുന്നു |

സെക്ഷൻ ഓഫീസർ

JSK/